പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2463 — 01-04-2013-ൽ മറുപടിക്ക്

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ധനസഹായം തേടുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്.<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ.<br>ശ്രീ. റ്റി.യു. കുരുവിള. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിന് ലോകബാങ്ക്, എ.ഡി.ബി., നബാർഡ് തുടങ്ങിയവയിൽ നിന്ന് കൂടുതൽ ധനസഹായം തേടുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മാതൃകയിൽ കൂടുതൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും നടപടികൾ സ്വീകരിക്കുന്നതാണ്; സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജൈക്ക (JICA) യുടെ സാമ്പത്തിക സഹായത്തിനായി 5432.82 കോടി രൂപയുള്ള 35 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 375.74 കോടി രൂപയുള്ള 13 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ